September 2012

Reg. No. : ..............................

Name : ..............................

COMMERCE FACTORY

# First Year Higher Secondary Improvement Examination

Part – III

## BUSINESS STUDIES

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'cool off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in* the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.



Scanned by CamScanner

1. I invite application from the general public to subscribe shares of a company. Who am I ? **(1)**

2. Mr. Rajan purchased timber from timber merchants and making furniture and selling it to the furniture dealers. Identify the type of industry. **(1)**

3. Make the correct pair based on the hint given.

   Cooperative Society – By law

   Partnership – ________ **(1)**

4. Find the odd one out and state the reason.

   a) Commercial invoice

   b) Packing list

   c) Bill of lading

   d) Bill of entry **(1)**

5. Complete the series :

   lanuf-cture → Whole Saler → ? → Cons-umer **(1)**

1. കമ്പനികളുടെ ഓഹരികൾ വില്ക്കുന്നതിനു പൊതുജനങ്ങളിൽ നിന്നും ഞാനാണ് അപേക്ഷ ക്ഷണിക്കുന്നത്. ആരാണ് ഞാൻ ? **(1)**

2. രാജൻ മര വ്യാപാരികളിൽ നിന്നും മരം വാങ്ങി ഫർണിച്ചർ ഉണ്ടാക്കുകയും അവ ഫർണിച്ചർ വ്യാപാരികൾക്ക് വില്ക്കുകയും ചെയ്യുന്നു. രാജൻ ഏതു തരം വ്യവസായത്തിലാണ് ഏർപ്പെട്ടിരിക്കുന്നത് ? **(1)**

3. തന്നിരിക്കുന്ന സൂചന അനുസരിച്ച് ശരിയായ ജോടി കണ്ടെത്തുക.

   സഹകരണ സ്ഥാപനം – നിയമാവലി

   പങ്കാളിത്തസ്ഥാപനം – ________ **(1)**

4. വേറിട്ടു നില്ക്കുന്ന തുക കണ്ടെത്തി കാരണം എഴുതുക.

   a) കൊമേഴ്സിയൻ ഇൻവോയ്സ്

   b) പാക്കിംഗ് ലിസ്റ്റ്

   c) ബിൽ ഓഫ് ലേഡിംഗ്

   d) ബിൽ ഓഫ് എൻട്രി **(1)**

5. ശൃംഗല പൂർണ്ണമാക്കുക.

   ഉൽപാദകൻ → മൊത്ത വില്പന ക്കാരൻ → ? → ഉപഭോക്താവ് **(1)**



Scanned by CamScanner

6. Sudheesh, running a business, put a notice in his office "Giving and receiving bribe is a criminal punishment". What is the idea behind this notice ? Explain. **(2)**

7. Mr. Suresh wants to start an export business. He does not know about EPZ. As a commerce student, help him to understand the meaning of EPZ. **(2)**

8. General motors, a vehicle manufacturing company, has its headquarters in the USA. But they have operations all over the World. Name the type of company in which general motors comes and give its meaning. **(2)**

9. In a class room debate, Ramya, one of your classmate argue that "without profit a business cannot run for a long period". Are you support Ramya ? Justify your answer. **(3)**

6. ബിസിനസ്സുകാരനായ സുധീഷ് അയാളുടെ ഓഫീസിൽ ഒരു നോട്ടീസ് പതിച്ചു. ''കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാണ് '' ഇതിലൂടെ സുധീഷ് ഉദ്ദേശിക്കുന്ന ആശയം ഏത് ? വിശദീകരിക്കുക. **(2)**

7. സുരേഷ് ഒരു കയറ്റുമതി വ്യാപാരം തുടങ്ങാൻ ഉദ്ദേശിക്കുന്നു. അയാൾക്ക് EPZ എന്നതിനെക്കുറിച്ച് അറിയില്ല. ഒരു കോമേഴ്സ് വിദ്യാർത്ഥി എന്ന നിലയിൽ അദ്ദേഹത്തെ EPZ ന്റെ അർത്ഥം മനസ്സിലാക്കുവാൻ സഹായിക്കുക. **(2)**

8. ജനറൽ മോട്ടോർസ് അമേരിക്ക ആസ്ഥാനമായിട്ടുള്ള ഒരു കമ്പനിയാണ്. പക്ഷേ അവർക്ക് ലോകത്ത് എല്ലായിടത്തും പ്രവർത്തനം ഉണ്ട്. ഏതു തരം കമ്പനിയാണിത്. വിശദീകരിക്കുക. **(2)**

9. ഒരു ഡിബേറ്റിൽ പങ്കെടുത്തുകൊണ്ട് നിങ്ങളുടെ ക്ലാസിലെ രമ്യ എന്ന കുട്ടി പറയുകയാണ്. ''ലാഭമില്ലാതെ ഒരു ബിസിനസ്സ് സ്ഥാപനത്തിനു അധികകാലം പ്രവർത്തിക്കാൻ കഴിയില്ല''. നിങ്ങൾ രമ്യയെ അനുകൂലിക്കുന്നുണ്ടോ ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക. **(3)**



Scanned by CamScanner

10. Mr. Ramesh gave his machinery to Ganesh for using it upto 31st Dec. 2017 on the basis of an agreement to pay a rent of Rs. 20,000 per year. Which is the financial services provided by Ramesh to Ganesh ? Explain its meaning. **(3)**

10. രമേഷ് അയാളുടെ മെഷീൻ ഒരു വർഷം 20,000 രൂപ വാടക നല്കാമെന്ന കരാറിന്റെ അടിസ്ഥാനത്തിൽ 2017 ഡിസംബർ 31 വരെ ഉപയോഗിക്കുവാൻ ഗണേഷിനു നല്കി. രമേഷ് ഏതു സാമ്പത്തിക സേവനമാണ് ഗണേഷിനു നല്കിയത് ? അതിന്റെ അർത്ഥം വിശദീകരിക്കുക. **(3)**

11. Samsung Company decides to give the work of advertising for their product TV to an agency called "World Wide Advertisers". What is the concept involved in this activity ? Explain. **(3)**

11. സാംസംങ് കമ്പനി അവരുടെ ഉല്പന്നമായ ടി. വിയുടെ പരസ്യം നല്കുന്നതിനുള്ള പ്രവൃത്തി വേൾഡ് വൈഡ് അഡ്വടൈസേർസ് എന്ന ഒരു ഏജൻസിയെ ഏല്പിച്ചു. ഈ പ്രവൃത്തിയിൽ അടങ്ങിയിരിക്കുന്ന ആശയം എന്ത് ? വിശദീകരിക്കുക. **(3)**

12. Memorandum of Association is the Constitution of a company and Articles of Association lays down the rules and regulations of the company. Write any three differences between these two. **(3)**

12. മെമ്മോറണ്ടം ഓഫ് അസോസിയേഷൻ ഒരു കമ്പനിയുടെ ഭരണഘടനയും ആർട്ടിക്ക്ൾസ് ഓഫ് അസോസിയേഷൻ കമ്പനിയുടെ ചട്ടങ്ങളും നടപടികളും പ്രതിപാദിക്കുന്നു. ഇവ രണ്ടും തമ്മിലുള്ള ഏതെങ്കിലും മൂന്നു വ്യത്യാസങ്ങൾ എഴുതുക. **(3)**



Scanned by CamScanner

13. This fund remains in the business over a long period and is not expected to be withdrawn otherwise than on the liquidation of business. Write the name of source of finance mentioned here and its features. **(3)**

13. ബിസിനസ്സിൽ വളരെക്കാലം ഉപയോഗിക്കുന്നതും ബിസിനസ്സിന്റെ അവസാനം മാത്രം പിൻവലിക്കുകയും ചെയ്യുന്ന ഈ ഫണ്ട് ഏതാണ് ? ഇതിന്റെ സവിശേഷതകൾ ഏതൊക്കെ ? **(3)**

14. This is the large scale retail store selling a wide variety of consumer goods without salesman or shop assistance. Which is the retail shop mentioned here ? What are its features ? **(3)**

14. സെയിൽസ് മാനോ ഷോപ്പ് അസിസ്റ്റന്റുമാരോ ഇല്ലാതെ വിവിധയിനം ഉപഭോക്തൃ സാധനങ്ങൾ വിൽക്കുന്ന ഒരു ചില്ലറ വില്പനശാലയാണിത്. ഇവിടെ പരാമർശിച്ച ചില്ലറ വില്പനശാലയേത് ? ഇതിന്റെ സവിശേഷതകൾ ഏതൊക്കെ ? **(3)**

15. Mr. Sukumar wants to import a machinery from Japan. Can you help him to know about the main import documents ? **(3)**

15. സുകുമാറിനു ജപ്പാനിൽ നിന്നും ഒരു മെഷീൻ ഇറക്കുമതി ചെയ്യണം. പ്രധാനപ്പെട്ട ഇറക്കുമതി പ്രമാണങ്ങൾ ഏതൊക്കെ എന്നറിയാൻ അദ്ദേഹത്തെ സഹായിക്കാമോ ? **(3)**

16. Sharanya, an LL.B degree holder decides to practice at High Court Ernakulam. Explain the meaning and features of economic activity involved by Sharanya. **(4)**

16. നിയമ ബിരുദം നേടിയ ശരണ്യ എറണാകുളം ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുവാൻ തീരുമാനിച്ചു. ശരണ്യ ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രവർത്തനത്തെപ്പറ്റിയും അതിന്റെ സവിശേഷതയെക്കുറിച്ചും വിശദീകരിക്കുക. **(4)**



Scanned by CamScanner

17. A group discussion is scheduled in your class on "Environmental pollution and business". As a group leader explain the major causes of environmental pollution. **(4)**

18. "An artificial person created by law". Identify and explain its features. **(4)**

19. A promoter is a person who form a new company. What are the different types of promoters ? **(4)**

20. Match Column **A** with Column **B** and **C**. **(4)**

17. അന്തരീക്ഷ മലിനീകരണവും ബിസിനസ്സും എന്ന വിഷയത്തിൽ ഒരു ഗ്രൂപ്പ് ചർച്ച നിങ്ങളുടെ ക്ലാസിൽ സംഘടിപ്പിച്ചിരിക്കുന്നു. ഗ്രൂപ്പിന്റെ അധ്യക്ഷൻ എന്ന നിലയിൽ അന്തരീക്ഷ മലിനീകരണത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക. **(4)**

18. ''നിയമപരമായി രൂപീകരിച്ച ഒരു കൃത്രിമ വ്യക്തി "ഏതാണ് ഈ വ്യക്തി ? സവിശേഷതകൾ ഏതൊക്കെ ? **(4)**

19. ഒരു കമ്പനി രൂപീകരിക്കുന്നയാളാണ് പ്രൊമോട്ടർ. വിവിധ തരം പ്രൊമോട്ടർ മാർ ഏതെല്ലാമാണ് ? **(4)**

20. **കോളം A, കോളം B ഉം C യും ആയി ബന്ധിപ്പിക്കുക.** **(4)**

| A | B | C |
|---|---|---|
| a) Small Scale Retailer | Constructive industry | Fishing |
| b) Primary industry | Mail order business | General stores |
| c) Large scale retailer | Speciality shop | Product not movable |
| d) Secondary industry | Extractive industry | Multiple shop |



Scanned by CamScanner

21. Some of your friends decides to start a business. You are requested to explain the factors to be considered while selecting a form of business enterprises. **(6)**

22. These are enterprises owned and controlled by government. Which is the enterprise mentioned here ? Explain its rationale in Indian Economy. **(6)**

23. Goods once produced cannot be sold altogether at a time. How this problem can be solved ? Explain the functions of that activity used to solve the above problem. **(8)**

OR

Mr. John have a desire to commence a new business. But he is afraid of various risks involved in the business. You are requested to suggest him the way to minimise risk of business and also explain the principles related to it. **(8)**

21. നിങ്ങളുടെ ചില സുഹൃത്തുക്കൾ ഒരു പുതിയ ബിസിനസ്സു തുടങ്ങാൻ ആഗ്രഹിക്കുന്നു. ഏതു തരം ബിസിനസ്സു തുടങ്ങണം എന്നു തീരുമാനിക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങളെക്കുറിച്ച് അവർക്ക് മാർഗ നിർദ്ദേശം നല്കുക. **(6)**

22. ഗവൺമെന്റിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ഒരു സ്ഥാപന മാണിത്. ഏതാണ് ഈ സ്ഥാപനം ? ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയിൽ ഇതിന്റെ പ്രാധാന്യം വിശദീകരിക്കുക. **(6)**

23. ഒരു പ്രാവശ്യം ഉല്പാദിപ്പിച്ച മുഴുവൻ സാധനങ്ങളും ഒരുമിച്ച് വില്ക്കുവാൻ സാധ്യമല്ല. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം ? മേൽപറഞ്ഞ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ മാർഗത്തിന്റെ പ്രവൃത്തികൾ വിശദീകരിക്കുക. **(8)**

OR

ജോൺ പുതുതായി ഒരു ബിസിനസ്സ് തുടങ്ങുവാൻ ആഗ്രഹിക്കുന്നു. പക്ഷേ അയാൾ ബിസിനസ്സിൽ ഉണ്ടാകാവുന്ന നഷ്ട സാധ്യതകളെക്കുറിച്ച് ഭയക്കുന്നു. ബിസിനസ്സിലെ നഷ്ട സാധ്യതകൾ കുറയ്ക്കുന്നതിനുള്ള വഴികളെക്കുറിച്ച് അയാൾക്ക് പറഞ്ഞു കൊടുക്കാമോ ? അതുമായി ബന്ധപ്പെട്ട തത്വങ്ങൾ വിശദീകരിക്കുക. **(8)**



Scanned by CamScanner

24. As a finance manager of a company you have to present a paper on the meeting of board members about the features of preference shares and different kinds of preference shares as a source of finance. **(8)**

OR

You are invited for presenting a seminar on borrowed fund. Prepare a seminar paper about borrowed fund, its features, merits and demerits as a source of finance. **(8)**

24. ഒരു കമ്പനിയുടെ ഫിനാൻസ് മാനേജർ എന്ന നിലയിൽ ബോർഡ് മീറ്റിംഗിൽ മുൻഗണനാ ഓഹരികളെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും വിവിധതരം മുൻഗണനാ ഓഹരികളെ ക്കുറിച്ചും ഒരു അവതരണം നടത്തുക. **(8)**

OR

നിങ്ങളെ, കടമായി വാങ്ങുന്ന ഫണ്ടു കളെ കുറിച്ച് ഒരു സെമിനാർ അവതരി പ്പിക്കുവാൻ ക്ഷണിക്കുന്നു. കടമായി വാങ്ങിക്കുന്ന ഫണ്ടിന്റെ സവിശേഷ തകൾ, ഗുണങ്ങൾ, ദോഷങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക. **(8)**

Scanned by CamScanner